"ഭരണഭാഷ- മാതൃഭാഷ"

**കേരള സർക്കാർ**

**<u>സംഗ്രഹം</u>**

ആരോഗ്യ കുടുംബക്ഷേമ വകുപ്പ് - ആരോഗ്യ വകുപ്പ് - ജീവനക്കാര്യം - ഡോ.അർച്ചന..കെ.ഒ. ബഹു:കേരള അഡ്മിനിസ്ട്രേറ്റീവ് ട്രിബ്യൂണൽ മുമ്പാകെ ഫയൽ ചെയ്ത OA[EKM] 1914/2023-ന്മേലുള്ള 09.07.2024-ലെ ഉത്തരവ് അനുവർത്തനം ചെയ്ത് ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

**ആരോഗ്യ കുടുംബക്ഷേമ (എ) വകുപ്പ്**

സ.ഉ.(സാധാ) നം.2671/2024/H&FWD തീയതി,തിരുവനന്തപുരം, 06-11-2024

---

പരാമർശം:-

1. ബഹു:കേരള അഡ്മിനിസ്ട്രേറ്റീവ് ട്രിബ്യൂണലിന്റെ OA[EKM] 1914/2023-ന്മേലുള്ള 09.07.2024-ലെ ഉത്തരവ്.
2. ആരോഗ്യ വകുപ്പ് ഡയറക്ടറുടെ 20.09.2024-ലെ DHS/16869/2024-EB3 നമ്പർ കത്ത്.

**<u>ഉത്തരവ്</u>**

ആരോഗ്യ വകുപ്പിലെ ഗൈനക്കോളജി വിഭാഗം ജൂനിയർ കൺസൾട്ടന്റ്മാരായ ഡോ.അർച്ചന.കെ.ഒ., ഡോ.പ്രസ്സില്ല മസ്കാരനസ്സ് എന്നിവർ ബഹു. അഡ്മിനിസ്ട്രേറ്റീവ് ട്രിബ്യൂണൽ മുമ്പാകെ യഥാക്രമം ഫയൽ ഒഎ 1914/2023, ഒ.എ 524/2024 ഹർജികൾ ഫയൽ ചെയ്തിരുന്നു. ബഹു:ട്രിബ്യൂണൽ പരാമർശം (1) പ്രകാരം പുറപ്പെടുവിച്ച വിധിന്യായത്തിൽ ഒന്നാമത്തെ എതിർകക്ഷിയായ ആരോഗ്യവകുപ്പ് സെക്രട്ടറി ഡോ. അർച്ചനയേയും ഡോ. പ്രസ്സില്ലയേയും നേരിൽ കേട്ട് തീരുമാനമെടുക്കണമെന്ന് നിർദ്ദേശിച്ചിരുന്നു.

2. ബഹു. ട്രിബ്യൂണലിന്റെ ഉത്തരവ് പ്രകാരം ഡോ. അർച്ചനയേയും ഡോ.പ്രസ്സില്ലയേയും 29.09.2024 ന് ചുവടെ ഒപ്പുവച്ചിരിക്കുന്ന ഉദ്യോഗസ്ഥ നേരിൽ കേട്ടു. തദവസരത്തിൽ ഡോ.സലീമ പട്ടുപ്പങ്കലിനെയും നേരിൽ കേൾക്കുകയുണ്ടായി. ആരോഗ്യവകുപ്പ് ഡയറക്ടറുടെ പ്രതിനിധികളും നേരിൽ കേഴ്വിന് ഹാജരായിരുന്നു.

3) ഡോക്ടർ അർച്ചനയുടെ വാദം ചുവടെ ചേർക്കുന്നു:

ബഹു.ട്രിബ്യൂണലിന്റെ ഒ.എ 651/2022 ലെ വിധിന്യായം പരിഗണിച്ച് 2023 ലെ പൊതുസ്ഥലംമാറ്റത്തിൽ കോഴിക്കോട് സ്ത്രീകളുടേയും കുട്ടികളുടേയും ആശുപത്രിയിലേയ്ക്ക് സ്ഥലംമാറ്റി അന്തിമ ലിസ്റ്റ് പ്രകാരം ഉത്തരവായെങ്കിലും ഡോക്ടർ പ്രസ്കില്ല ഇതിനെതിരെ ഒ.എ 804/2023 ഫയൽ ചെയ്യുകയും പ്രസ്തുത കേസിലെ വിധിന്യായം പരിഗണിച്ച് ആരോഗ്യവകുപ്പ് ഡയറക്ടർ കോഴിക്കോട് സ്ത്രീകളുടേയും കുട്ടികളുടേയും ആശുപത്രിയിൽ തന്നെ സ്ഥലംമാറ്റം

അനുവദിച്ച് ഉത്തരവാകുകയുണ്ടായി. എന്നാൽ ഡോക്ടർ പ്രസില്ല വീണ്ടും ഒ.എ 908/2023 കേസ് ഫയൽ ചെയ്യുകയും സർക്കാർ ബന്ധപ്പെട്ടവരെ നേരിൽ കേട്ട് തീരുമാനമെടുക്കണമെന്ന നിർദ്ദേശത്തെ തുടർന്ന് നേരിൽ കേൾക്കുകയും ഡോ. അർച്ചനയ്ക്ക് സ്ത്രീകളുടേയും കുട്ടികളുടേയും ആശുപത്രിയിൽ നിലവിൽ നൽകിയ സ്ഥലംമാറ്റം നിയമനം ആരോഗ്യവകുപ്പ് ഡയറക്ടർ പുനഃപരിശോധിക്കേണ്ടതാണെന്നും ഡോക്ടർ പ്രസ്സില്ല യെ അനുകമ്പാർഹമായ വസ്തുതകൾ പരിഗണിച്ച് കോഴിക്കോട് നഗര പരിസരത്തുള്ള ആശുപത്രികളിൽ ഒന്നിൽ നിയമനം നൽകണമെന്ന് നിർദ്ദേശം നൽകി ഉത്തരവായിരുന്നു. ഇതിനെതിരെ ഡോക്ടർ അർച്ചന ഒ.എ 1914/2023 ഫയൽ ചെയ്യുകയും ടി. കേസിലെ ഇടക്കാല ഉത്തരവിനനുസരിച്ച് ടിയാളുടെ സ്ത്രീകളുടേയും കുട്ടികളുടേയും ആശുപത്രിയിൽ നൽകിയ നിയമനം റദ്ദ് ചെയ്ത് കുറ്റ്യാടി താലൂക്ക് ആശുപത്രിയിൽ നിലനിർത്തി ഉത്തരവായി. തനിക്ക് 22 വർഷവും 9 മാസത്തെയും സർവ്വീസ് സീനിയോറിറ്റിയുണ്ട്. ഡോക്ടർ പ്രസ്സില്ലക്ക് 19 വർഷവും 7 മാസവും മാത്രമാണ് സർവ്വീസ് സീനിയോറിറ്റി. തന്റെ പിതാവ് യുദ്ധത്തിന് സമാനമായ രീതിയിലുള്ള ഓപ്പറേഷനിൽ ഫ്ളൈറ്റ് ആക്സിഡന്റിൽ മരണമടഞ്ഞു. മാത്രമല്ല യാത്ര ചെയ്ത് ജോലി ചെയ്യാൻ കഴിയാത്ത വിധത്തിൽ IVDP, Foot drop മുതലായ ആരോഗ്യ പ്രശ്നങ്ങൾ ഉണ്ട്. തനിക്ക് ഡോക്ടർ പ്രസില്ലയേക്കാളും ഔട്ട്സ്റ്റേഷൻ സീനിയോറിറ്റിയുണ്ട്.

4) ഡോക്ടർ പ്രസ്സില്ലയുടെ വാദഗതികൾ ചുവടെ ചേർക്കുന്നു:

നിലവിൽ 25/02/2024 മുതൽ നാദാപുരം താലൂക്ക് ആശുപത്രിയിൽ ജൂനിയർ കൺസൾട്ടന്റ് ആയി ജോലി ചെയ്യുന്നു. 2023 ലെ പൊതുസ്ഥലംമാറ്റത്തിന്റെ കരട് ലിസ്റ്റിൽ കോഴിക്കോട് സ്ത്രീകളുടേയും കുട്ടികളുടേയും ആശുപത്രിയിലേക്ക് പരിഗണിച്ചെങ്കിലും അന്തിമ ലിസ്റ്റ് പ്രകാരം താമരശ്ശേരി താലൂക്ക് ആശുപത്രിയിലാണ് സ്ഥലംമാറ്റി നിയമിക്കപ്പെട്ടത്. അപ്പീൽ കമ്മിറ്റി മുമ്പാകെ അപേക്ഷ സമർപ്പിക്കുകയും 2024 ലെ പൊതുസ്ഥലംമാറ്റത്തിൽ കോഴിക്കോട് സിറ്റിയിലുള്ള ഏതെങ്കിലും ആശുപത്രിയിലേക്ക് പരിഗണിക്കാമെന്ന് ഉറപ്പ് നൽകിയെങ്കിലും തന്റെ ആവശ്യം പരിഗണിക്കപ്പെട്ടില്ല. 09/7/2019 മുതൽ 05/7/2023 വരെ 4 വർഷം വടകര ജില്ലാ ആശുപത്രിയിൽ ജോലി ചെയ്തു. അതിനുമുമ്പ് 06/8/2018 മുതൽ കുറ്റ്യാടിയിൽ ആണ് ജോലി ചെയ്തിരുന്നത്. ഭർത്താവ് Cardiac Patient ആണെന്നും ബൈപാസ് സർജറി നടത്തിയിട്ടുണ്ടെന്നും തന്നെ ആശ്രയിച്ചാണ് ജീവിക്കുന്നതെന്നും കൂടാതെ തന്റെ സഹോദരൻ മാനസിക രോഗത്തിന് അടിമയാണെന്നും ടിയാളെ താനാണ് നോക്കിയിരുന്നതെന്നും നിലവിൽ ഭർത്താവിനെ ശ്രദ്ധിക്കേണ്ടതിനാലും സഹോദരന് കൂടുതൽ ശ്രദ്ധ ആവശ്യമായതിനാലും തണൽ എന്ന സ്ഥാപനത്തിൽ താമസിപ്പിച്ചിരിക്കുകയാണെന്നും ഇവർ രണ്ടു പേരും തന്റെ

ആശ്രിതരാണന്നും അറിയിച്ചു. സ്ത്രീകളുടേയും കുട്ടികളുടേയും ആശുപത്രിയിൽ സ്ഥലംമാറ്റം ലഭിച്ചാൽ വീട്ടിൽ നിന്ന് നടന്നു പോകാവുന്ന ദൂരത്തിലായതിനാൽ തന്നെ തന്റെ ഭർത്താവിനെയും സഹോദരനെയും കൂടെ നിർത്തി പരിപാലിക്കാൻ സാധിക്കുന്നതാണെന്നും ടി കാരണത്താൽ തന്നെ തനിക്ക് അനുകമ്പാർഹമായ സ്ഥലംമാറ്റത്തിന് അർഹതയുണ്ടെന്നും അവകാശപ്പെട്ടു. IVDP, Connective Tissue disorder, DM Hypothyroidism, Osteoarthritis grade iv, Osteoarthritis ഉടങ്ങിയ ആരോഗ്യ പ്രശ്നങ്ങൾ ഉണ്ട് 31/07/2027 ൽ റിട്ടയർ ചെയ്യും. മാത്രമല്ല ഇന്റർകാസ്റ്റ് മാര്യേജ് ആണ്. ഇവയെല്ലാം കണക്കിലെടുത്ത് സ്ത്രീകളുടേയും കുട്ടികളുടേയും ആശുപത്രിയിലേക്ക് സ്ഥലംമാറ്റത്തിന് അർഹത കൂടുതൽ ഉണ്ട്.

5) ഡോക്ടർ സലീമ പട്ടുപ്പങ്ങലിന്റെ വാദം ചുവടെ ചേർക്കുന്നു:

07/02/2005 മുതൽ ആരോഗ്യവകുപ്പിൽ നിയമനം ലഭിച്ച് 2023 ലെ ജനറൽ ട്രാൻസ്ഫറിൽ നിലവിൽ മലപ്പുറം ജില്ലയിലെ നിലമ്പൂർ ജില്ലാ ആശുപത്രിയിൽ ജൂനിയർ കൺസൾട്ടന്റ് തസ്തികയിൽ ജോലി ചെയ്യുന്നു. നിലവിൽ 19 വർഷം 7 മാസം സർവ്വീസുള്ള ആളാണ്. ഇത്രയും വർഷത്തെ സർവ്വീസ് കാലയളവിൽ 15 വർഷം7 മാസം സ്വന്തം ജില്ലയായ കോഴിക്കോടിന് പുറത്താണ് ജോലി ചെയ്തത്. ഈ കാലയളവിൽ ദുർഘട മേഖലയായ വയനാട് ജില്ലയിലെ സുൽത്താൻ ബത്തേരി താലൂക്ക് ആശുപത്രി, കൽപ്പറ്റ ജനറൽ ആശുപത്രി എന്നിവിടങ്ങളിലും സേവനം അനുഷ്ഠിച്ചിട്ടുണ്ട്. 2023 ലെ ജനറൽ ട്രാൻസ്ഫർ പട്ടികയിൽ ഒന്നാമതായി ഓപ്ഷൻ കൊടുത്തിരുന്നത് ഇതുവരെ സേവനം അനുഷ്ഠിക്കാത്ത കോഴിക്കോട് സ്ത്രീകളുടേയും കുട്ടികളുടേയും ആശുപത്രിയിലേയ്ക്കാണെങ്കിലും നിയമനം ലഭിച്ചിട്ടില്ല. ഭർത്താവ് അസ്സിസ്റ്റന്റ് സർജൻ കോഴിക്കോട് ജില്ലയിലാണ് ജോലി ചെയ്യുന്നത്. 80 വയസുള്ള പിതാവും 72 വയസുള്ള മാതാവും ഒപ്പമാണ് ജീവിക്കുന്നത്. ആരോഗ്യപ്രശ്നങ്ങൾ മൂലം യാത്രചെയ്ത് ജോലിക്കെത്തുന്നത് ബുദ്ധിമുട്ടായതിനാൽ നിലമ്പൂർ ജില്ലാ ആശുപത്രി പരിസരത്ത് വാടകയ്ക്ക് താമസിക്കുന്നു. ഡോ.ലിസി, ഡോ.അമ്പിളി എന്നിവർക്ക് തന്നേക്കാൾ സ്റ്റേഷൻ സീനിയോരിറ്റിയിൽ യോഗ്യരായവരാണ്. ഇവർ സ്ത്രീകളുടേയും കുട്ടികളുടേയും ആശുപത്രിയിൽ ജോലിയിൽ പ്രവേശിച്ചുവെങ്കിലും ഡോക്ടർ അമ്പിളിക്ക് നിലമ്പൂർ ജില്ലാ ആശുപത്രിയിലേക്ക് നിയമനം നൽകിയതിലൂടെ കോഴിക്കോട് സ്ത്രീകളുടേയും കുട്ടികളുടേയും ആശുപത്രിയിൽ നിയമനം ലഭിക്കുന്നതിന് സ്റ്റേഷൻ സീനിയോരിറ്റി പ്രകാരം യോഗ്യത ഉള്ളത് തനിക്കാണ്. അതിനാൽ സ്ത്രീകളുടേയും കുട്ടികളുടേയും ആശുപത്രിയിലെ ഒഴിവിൽ നിയമിക്കണമെന്ന് അഭ്യർത്ഥിക്കുന്നു.

6) സർക്കാർ ഈ വിഷയം നിലവിലെ പൊതുസ്ഥലംമാറ്റ മാനദണ്ഡം, വിധിന്യായം എന്നിവയുടെ അടിസ്ഥാനത്തിൽ പരിശോധിച്ചു.

(1) OA (EKM) 1912,1914,1926 എന്നീ കേസുകളിലെ 14/12/2023 ലെ ഇടക്കാല ഉത്തരവ് താഴെ പറയും പ്രകാരം ഉദ്ധരിക്കുന്നു.

"I[st] respondent along with the 2[nd] respondent hear all the Optees and hear their suggestion and grievances and to take a decision amicably. All those whose names are included in the proposal made by the 2[nd] respondent on 21/11/2023 will also be heard and take a decision without any delay".

അപ്രകാരം ബന്ധപ്പെട്ടവരെ നേരിൽ കേട്ട് സ.ഉ. (സാധാ) നം.522/2024ആകുവ തീയതി. 21/02/2024 പ്രകാരം ഉത്തരവ് പുറപ്പെടുവിച്ചു. ആരോഗ്യ വകുപ്പ് ഡയറക്ടറുടെ 18/01/2024 ലെ ശിപാർശ പരിഗണിച്ച് സ്ഥലംമാറ്റങ്ങൾ നടപ്പിലാക്കിയും, അപ്രകാരം സ്ഥലംമാറ്റം നൽകപ്പെട്ടുമ്പോൾ നിർബന്ധിത സ്ഥലംമാറ്റത്തിന് വിധേയരായവർ 2024 ലെ പൊതുസ്ഥലംമാറ്റത്തിന് അപേക്ഷ നൽകുന്ന പക്ഷം അർഹതക്കനുസരിച്ച്, പ്രത്യേക പരിഗണന നൽകുന്നതിനും, ഡോ.പ്രസ്കില്ല മസ്കാരനസിന് അനുകമ്പാർഹമായ സാഹചര്യം പരിഗണിച്ചും 2024 ജനറൽ ട്രാൻസ്ഫറിൽ പ്രത്യേക പരിഗണന നൽകി അനുയോജ്യമായ സ്ഥലംമാറ്റം നൽകുന്നതിനും ആരോഗ്യ വകുപ്പ് ഡയറക്ടർക്ക് നിർദ്ദേശം നൽകുകയുണ്ടായി.

2)മേൽ ഉത്തരവിനെതിരേ ഫയൽ ചെയ്ത OA (EKM)524/2024ഉം OA (EKM) 1912 &1914/2023 എന്നീ കേസുകളും പരിഗണിച്ച് ബഹു.ട്രിബ്യൂണൽ 05/4/2024 ന് ചുവടെ പറയും വിധം ഉത്തരവ് പുറപ്പെടുവിക്കുകയുണ്ടായി.

"Government shall be consider the matter and pass orders as directed on 04/12/2023 with due application of mind after hearing all those who are involved, after considering all the options submitted by the respective parties".

മേൽ നിർദ്ദേശ പ്രകാരം ബന്ധപ്പെട്ടവരെ എല്ലാവരെയും നേരിൽ കേട്ടതിൻപ്രകാരം സ. ഉ. (സാധാ) നം.1412/2024 ആകുവ തീയതി 11/06/2024 പുറപ്പെടുവിക്കുകയുണ്ടായി.

(3) തുടർന്ന് ഡോക്ടർ അമ്പിളി പി. സി. ഉയർത്തിയ പരാതിയുടെ അടിസ്ഥാനത്തിൽ 09/7/2024 ലെ ഉത്തരവിൽ ട്രിബ്യൂണൽ ഇപ്രകാരം ഉത്തരവ് പുറപ്പെടുവിക്കുകയുണ്ടായി.

"1[st] respondent to consider and pass orders on the request made by Dr.Ambili.P.C within

a period of three weeks from the date of receipt of copy of the order. There shall be a further direction the 1st respondent to consider the claims of Dr.Archana and Dr. Prescilla against the vacancy which would arise consequent to the transfer of Dr.Ambili from women and Children Hospital Kozhikode. Orders shall be passed after hearing them".

മേൽ നിർദ്ദേശം പരിഗണിച്ച് സ.ഉ. (സാധാ) നം.2264/2024/ആകുവ തീയതി 23.09.2024 പ്രകാരം ഡോ.അമ്പിളിയെ നിലമ്പൂർ ജില്ലാ ആശുപത്രിയിലേക്ക് സ്ഥലം മാറ്റി നിയമിച്ചിട്ടുണ്ട്.

7) ബഹു. അഡ്മിനിസ്ട്രേറ്റീവ് ട്രിബ്യൂണലിന്റെ OA(EKM) 651/2022 ന്റെ 30/05/2022, OA(EKM) 1223/2022 എന്നിവ പാലിച്ച് ആരോഗ്യവകുപ്പ് ഡയറക്ടർ പുറപ്പെടുവിച്ച 16/11/2022 ലെ ഉത്തരവ് പ്രകാരം ഡോക്ടർ അർച്ചനയെ കോഴിക്കോട് സ്ത്രീകളുടേയും കുട്ടികളുടേയും ആശുപത്രിയിലേക്ക് സ്ഥലംമാറ്റി നിയമിച്ചത് 21/11/2022 ലെ OA(EKM) 1716/2022 ലെ ഉത്തരവിലൂടെ റദ്ദ് ചെയ്യുകയും ബന്ധപ്പെട്ടവരെ നേരിൽ കേട്ടതിൻ പ്രകാരമാണ് കുറ്റിയാടി താലൂക്ക് ആശുപത്രിയിലേക്ക് സ്ഥലം മാറ്റി നിയമിച്ചത്. ടി ഉത്തരവ് ബന്ധപ്പെട്ട എല്ലാവരും അംഗീകരിച്ച സാഹചര്യത്തിൽ OA(EKM) 651/2022 ലെ ഉത്തരവിന്റെ നിയമവിരുദ്ധതയെ ചോദ്യം ചെയ്യപ്പെടേണ്ടതില്ല എന്ന് OP(KAT) 397/2022 ലെ 16/01/2023 ലെ ഉത്തരവിൽ വ്യക്തമാക്കുന്നുണ്ട്. ആയതിനാൽ ഡോ.അർച്ചന ആവശ്യപ്പെടുന്നപോലെ കുറ്റിയാടി താലൂക്ക് ആശുപത്രിയിലേക്ക് സ്ഥലം മാറ്റി നിയമിച്ചത് നിർബന്ധിത ട്രാൻസ്ഫർ ആയി കരുതി കോഴിക്കോട് സ്ത്രീകളുടേയും കുട്ടികളുടേയും ആശുപത്രിയിലേക്ക് സ്ഥലംമാറ്റി നിയമിക്കണമെന്ന് OA(EKM) 651/2022 ലെ ഉത്തരവ് പാലിച്ച് കോഴിക്കോട് സ്ത്രീകളുടേയും കുട്ടികളുടേയും ആശുപത്രിയിലേക്ക് സ്ഥലംമാറ്റി നിയമനം നൽകണമെന്നത് അവകാശപ്പെടുന്നതിന് സാധിക്കുകയില്ല.

(A) ഡോ.അർച്ചന തന്റെ പിതാവ് 'യുദ്ധസമാനമായ' സാഹചര്യത്തിൽ എയർക്രാഫ്റ്റ് അപകടത്തിൽ മരിച്ചതിനാൽ പ്രത്യേക മുൻഗണനക്ക് അർഹതയുണ്ടെന്നും അവകാശപ്പെടുന്നുണ്ട്. എന്നാൽ 25.2.2017ലെ ജി.ഒ.(പി) 03/2017/ഉ.ഭ.വ. ഉത്തരവിന്റെ അനുബന്ധത്തിൽ "യുദ്ധത്തിൽ മരണപ്പെട്ടവരുടെ ആശ്രിതർ "(ഭാര്യ/ ഭർത്താവ്/ അച്ഛൻ / അമ്മ/ മകൻ / മകൾ ) എന്നിവർക്കാണ് മുൻഗണന എന്നാണ് വ്യവസ്ഥചെയ്തിട്ടുള്ളത്. അല്ലാതെ 'യുദ്ധസമാനമായ' രീതിയിൽ മരണപ്പെട്ടവർ എന്നല്ല നിഷ്കർഷിച്ചിട്ടുള്ളത്. ഡോ.അർച്ചന യുടെ പിതാവ് flying accident ൽ മരണപ്പെട്ടതാണെന്ന് വായുഭവന്റെ സർട്ടിഫിക്കറ്റിൽ വ്യക്തമാക്കുന്നു. ആയതിനാൽ പ്രത്യേക മുൻഗണനക്ക് അർഹതയില്ല.

(B) ഡോ.അർച്ചനയ്ക്ക് വിവിധ ആരോഗ്യ പ്രശ്നങ്ങൾ ഉള്ളതിനാൽ അനുകമ്പാർഹമായ കാരണത്താൽ സ്ഥലംമാറ്റത്തിന് അർഹതയുണ്ടെന്ന് വാദിക്കുകയുണ്ടായി. എന്നാൽ പൊതുസ്ഥലംമാറ്റവുമായി ബന്ധപ്പട്ട മാനദണ്ഡങ്ങൾ പുറപ്പെടുവിച്ച ഉത്തരവിൽ ഗുരുതരമായ അസുഖങ്ങളായ ക്യാൻസർ, ഹൃദ്രോഗം, പക്ഷാഘാതം എന്നിവയും കരൾ, വൃക്ക എന്നിവ ദാനം ചെയ്തവർ, അവയവം മാറ്റിവയ്ക്കലിന് വിധേയരായവർ അപകടം മൂലം സ്ഥായിയായ അവശത സംഭവിക്കുകയും ആയത് മൂലം ജീവനക്കാരന് പരസഹായത്തിനായി ആശ്രയിക്കേണ്ടി വരിക എന്നിവർക്കാണ് അനുകമ്പ സാഹചര്യത്തിൽ സ്ഥലംമാറ്റത്തിന് അർഹത. എന്നാൽ ഡോ.അർച്ചനയ്ക്ക് ഇപ്രകാരമുള്ള ഗുരുതര രോഗങ്ങൾ ഇല്ലാത്തതിനാൽ അനുകമ്പാർഹമായ കാരണത്താലുള്ള സ്ഥലംമാറ്റത്തിന് അർഹതയില്ല.

8) ആരോഗ്യപ്രശ്നങ്ങൾ ഉള്ള കാരണത്താൽ അനുകമ്പാർഹമായ സാഹചര്യത്തിന്റെ അടിസ്ഥാനത്തിൽ സ്ഥലംമാറ്റം നൽകേണ്ടതാണ് എന്ന് ഡോ.പ്രസ്സില്ല വാദിച്ചു. പൊതുസ്ഥലംമാറ്റവുമായി ബന്ധപ്പട്ട മാനദണ്ഡങ്ങൾ പുറപ്പെടുവിച്ച ഉത്തരവിൽ ഗുരുതരമായ അസുഖങ്ങളായ ക്യാൻസർ, ഹൃദ്രോഹം, പക്ഷാഘാതം എന്നിവയും കരൾ, വൃക്ക എന്നിവ ദാനം ചെയ്തവർ, അവയവം മാറ്റിവയ്ക്കലിന് വിധേയരായവർ അപകടം മൂലം സ്ഥായിയായ അവശത സംഭവിക്കുകയും ആയത് മൂലം ജീവനക്കാരന് പരസഹായത്തിനായി ആശ്രയിക്കേണ്ടി വരിക എന്നിവർക്കാണ് അനുകമ്പ സാഹചര്യത്തിൽ സ്ഥലംമാറ്റത്തിന് അർഹത. എന്നാൽ പൊതുസ്ഥലംമാറ്റവുമായി ബന്ധപ്പെട്ട മാനദണ്ഡങ്ങൾ പുറപ്പെടുവിച്ച ഉത്തരവ് പ്രകാരമുള്ള ഗുരുതരരോഗങ്ങൾ ഇല്ല എന്നു കാണുന്നു. മാത്രമല്ല ഗുരുതരരോഗങ്ങൾ ഉണ്ട് എന്ന് വകുപ്പുതലവൻ സാക്ഷ്യപ്പെടുത്തിയ മെഡിക്കൽ സർട്ടിഫിക്കറ്റ് ഹാജരാക്കിയിട്ടില്ലാത്തതിനാൽ അർഹതയില്ല.

( A ) മാനസിക രോഗമുള്ള സഹോദരൻ പൂർണ്ണമായും തന്റെ സംരക്ഷണയിലായതിനാലും പ്രത്യേക മുൻഗണനയ്ക്ക് അർഹതയുണ്ട് എന്നും ഹിയറിംങ്ങിൽ അറിയിച്ചു. ബുദ്ധിമാന്ദ്യമുള്ള സഹോദരങ്ങളെ പൂർണ്ണമായും സംരക്ഷിക്കുന്ന ജീവനക്കാർക്കാണ് പ്രത്യേക മുൻഗണന നൽകിയിട്ടുള്ളത്. എന്നാൽ ടിയാളുടെ സഹോദരന് 'മാനസികരോഗം' ആണെന്നതിനാൽ അതിനുള്ള അർഹതയില്ല.

(C) ഭർത്താവിന് ഹൃദ്രോഗമുള്ളതിനാൽ അനുകമ്പാർഹമായ സാഹചര്യം - ജീവനക്കാരന്റെ ഭാര്യയ്ക്കോ/ഭർത്താവിനോ ഗുരുതരമായ രോഗം പിടിപെട്ടതും ജീവനക്കാരനെ പൂർണ്ണമായും ആശ്രയിച്ചു കഴിയുന്നതും ടിയാളുടെ സാന്നിദ്ധ്യവും പരിചരണവും അത്യന്താപേക്ഷിതവുമാണെന്ന് വകുപ്പുതലവൻ സാക്ഷ്യപ്പെടുത്തിയ മെഡിക്കൽ സർട്ടിഫിക്കറ്റ്

ഹാജരാക്കിയിട്ടില്ല. ടിയാളെ ചികിൽസിച്ച ഡോക്ടറുടെ സർട്ടിഫിക്കറ്റ് ഹാജരാക്കിയിട്ടുണ്ട്

(D) 25.2.2017 ലെ ജി.ഒ.(പി) നം.03/2017/ഉ.ഭ.വ ഉത്തരവിലെ പ്രഥമഗണനീയ വിഭാഗത്തിൽ മിശ്രവിവാഹിതർക്ക് പ്രത്യേക മുൻഗണനയ്ക്ക് അർഹതയുണ്ട്. ഡോ.പ്രസ്റ്റില്ല മിശ്രവിവാഹിതയാണെന്നതിനാൽ പ്രത്യേക മുൻഗണനയ്ക്ക് അർഹതയുണ്ട്. മാര്യേജ് സർട്ടിഫിക്കറ്റ് ഹാജരാക്കിയിട്ടുണ്ട്. ഇതു വരെ മിശ്രവിവാഹിതർ എന്നതിന്റെ ആനുകൂല്യം പറ്റിയിട്ടില്ല എന്ന് ഹിയറിംഗ് വേളയിൽ അറിയിച്ചിട്ടുണ്ട്.

9) പൊതുസ്ഥലംമാറ്റവുമായി ബന്ധപ്പെട്ട് ഡോ.അർച്ചന, ഡോ.പ്രസ്റ്റില്ല എന്നിവർക്ക് കോഴിക്കോട് സ്ത്രീകളുടേയും കുട്ടികളുടേയും ആശുപത്രിയിൽ സ്ഥലംമാറ്റ നിയമനം നൽകുന്നത് സംബന്ധിച്ച ആക്ഷേപമുള്ള മറ്റൊരു ഡോക്ടറെയും നേരിൽ കേട്ടിരുന്നു. മുൻഗണനാക്രമം പരിശോധിച്ചാൽ ജില്ലയ്ക്ക് പുറത്തു ഏറ്റവും കൂടുതൽ കാലം സേവനദൈർഘ്യം ഉള്ളതിനാൽ (സർവ്വീസ് കാലയളവിൽ 15 വർഷം7 മാസം) ഡോ.സലീമയ്ക്കാണ് കൂടുതൽ അർഹത. എന്നാൽ ടി. ഡോക്ടറെ മുൻപും ബഹു.കോടതിയുടെ നിർദ്ദേശാനുസരണം നേരിൽ കേൾക്കുകയും വിവിധങ്ങളായ കാര്യങ്ങൾ പരിഗണിച്ചാണ് നിയമനം നൽകിയതെന്നും കാണുന്നു. അതിനാൽ OA 1914/2023-ന്മേൽ പുറപ്പെടുവിച്ച 09/7/2024-ലെ ട്രിബ്യൂണൽ ഉത്തരവിന്റെ അടിസ്ഥാനത്തിൽ ഡോ.അർച്ചന, ഡോ.പ്രസ്സില്ല എന്നിവരിൽ നിന്നും പ്രത്യേക മുൻഗണന പ്രകാരം പരിരക്ഷിക്കേണ്ട വിഭാഗത്തിലുൾപ്പെട്ട മിശ്രവിവാഹിതർ എന്നതിന്റെ അടിസ്ഥാനത്തിൽ ഡോ.പ്രസ്സില്ല മസ്കരാനസിന് കോഴിക്കോട് സ്ത്രീകളുടേയും കുട്ടികളുടേയും ആശുപത്രിയിൽ സ്ഥലംമാറ്റി നിയമിക്കുന്നതിനുള്ള നിർദ്ദേശം ആരോഗ്യ വകുപ്പ് ഡയറക്ടർക്ക് നൽകി ഉത്തരവ് പുറപ്പെടുവിക്കുന്നു.

9) OA 1914/2023-ന്മേൽ പുറപ്പെടുവിച്ച പരാമർശം (1) ഉത്തരവ് ഇപ്രകാരം അനുവർത്തനം ചെയ്തുകൊള്ളുന്നു.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)
ചിത്ര കെ ദിവാകരൻ
ജോയിന്റ് സെക്രട്ടറി

അഡ്വക്കേറ്റ് ജനറൽ, എറണാകുളം.
ആരോഗ്യ വകുപ്പ് ഡയറക്ടർ, തിരുവനന്തപുരം.
ജില്ലാ മെഡിക്കൽ ഓഫീസർ (ആരോഗ്യം), കോഴിക്കോട്.
ഡോ.അർച്ചന.കെ.ഒ, ജൂനിയർ കൺസൾട്ടന്റ് (ഗൈനക്കോളജി), ശ്രീലക്ഷ്മി ഹൗസ്, ദേശോദ്ധരണി ലൈബ്രറിക്ക് സമീപം, മലപ്പറമ്പ, കോഴിക്കോട് - 673 009.
ഡോ.പ്രസ്സില്ല മസ്കരാനസ്സ്, ജൂനിയർ കൺസൾട്ടന്റ് (ഗൈനക്കോളജി), താലൂക്ക് ആശുപത്രി,

നാദാപുരം.

പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (ആഡിറ്റ്/എ&ഇ), കേരളം, തിരുവനന്തപുരം.

കരുതൽ ഫയൽ.

ഉത്തരവിൻ പ്രകാരം

Signed by
സെക്ഷൻ ഓഫീസർ
Anupama G Nair
Date: 06-11-2024 16:07:08

മേലെഴുത്ത് നം: EB3-16869/2024/ആവഡ തീയതി. 6/11/2024

സർക്കാർ ഉത്തരവിന്റെ പകർപ്പ് അറിവിലേക്കും അനന്തര നടപടികൾക്കുമായി വെബ് സൈറ്റിൽ പ്രസിദ്ധീകരിക്കുന്നു

ആരോഗ്യവകുപ്പ് ഡയറക്ടർക്കുവേണ്ടി